പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1959 06.07.2015-ൽ മറുപടിയ്ക്ക്

## കേരള സ്റ്റേറ്റ് ആട്യാ പാട്യാ അസോസിയേഷന് അംഗീകാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ആട്യാ പാട്യാ അസ്സോസിയേഷന് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | 27.04.2015-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ 2000-ലെ കേരള സ്പോർട്സ് ആക്ട്, 2008-ലെ കേരള സ്പോർട്സ് ചട്ടങ്ങൾ പ്രകാരം ആട്യാ പാട്യാ കളിയിനത്തിൽ അഡ്വ.മോൻസ് ജോസഫ് പ്രസിഡന്റും, ശ്രീ.സുഭാഷ് ജോസഫ് സെക്രട്ടറിയുമായുള്ള " കേരള സ്റ്റേറ്റ് ആട്യാ പാട്യാ അസോസിയേഷ"-ന് അംഗീകാരം നൽകാൻ തീരുമാനമായിട്ടുണ്ട്. |
| (ബി) | ആട്യാ പാട്യാ അസ്സോസിയേഷന് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകുന്നതിന് അജണ്ടയിൽ ഉൾപ്പെടുത്തി ഇക്കാര്യം ചർച്ച ചെയ്ത് പരിശോധിച്ചിട്ടുണ്ടോ; ഇന്ത്യൻ ഒളിമ്പിക്സ്അസ്സോസിയേഷൻ ഈ കളിയെ അംഗീകരിച്ചിട്ടുണ്ടോ; | (ബി) | ആട്യാ പാട്യാ അസോസിയേഷനു സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകുന്നത് സംബന്ധിച്ച് അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടുണ്ട്. ആട്യാ പാട്യാ അസോസിയേഷനെ ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ അംഗീകരിച്ചിട്ടില്ല. |
| (സി) | ആട്യാ പാട്യാ അസ്സോസിയേഷന് അംഗീകാരം നൽകണമെന്നു കാണിച്ച് അസ്സോസിയേഷൻ എത്ര നിവേദനം നൽകിയിട്ടുണ്ട്; ഇതു സംബന്ധിച്ച് ഈ വിഷയത്തില് എടുത്ത നടപടികൾ വ്യക്തമാക്കാമോ; പരാതിക്കാർക്ക് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | ആട്യാ പാട്യാ അസോസിയേഷനിൽ നിന്നും അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ലഭിച്ച നാല് നിവേദനങ്ങൾ 27.04.2015-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം പരിശോധിച്ച് 'ടി' അസോസിയേഷന് അംഗീകാരം നൽകാൻ തീരുമാനിക്കുകയും ആയത് പ്രകാരം 11.06.2015-ന് അസോസിയേഷന് മറുപടിയും നൽകിയിട്ടുണ്ട്. |

Mary M

സെക്ഷൻ ഓഫീസർ